3. ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നേതൃത്വത്തിൽ ഉള്ള ജില്ലാതല കമ്മിറ്റി ഡിപ്പോകളിൽ കാലാകാലങ്ങളിൽ പരിശോധന നടത്തുകയും അപാകതകൾ കണ്ടെത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നുമുണ്ട്.

(ഇ) യൂറിയ പോലുള്ള വളങ്ങൾ കാർഷിക ഇതര മേഖലകളിൽ വിതരണം ചെയ്യുന്നത് കണ്ടെത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള പരിശോധനാ സംവിധാനം ശക്തിപ്പെടുത്തി ഊർജ്ജിതമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്.

കുട്ടനാട് പാക്കേജ്

195 (1667) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം ധനകാര്യ കമ്മീഷൻ കുട്ടനാട് പാക്കേജിനായി അനുവദിച്ച തുക എത്രയെന്നും ഇതിൽ ചെലവായത് എത്രയെന്നും അറിയിക്കുമോ; ഇതിൻ പ്രകാരം നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം എത്രയാണ്;

(സി) കുട്ടനാട് പാക്കേജിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കുട്ടനാട് പാക്കേജിന്റെ പ്രവർത്തനം നിലച്ചതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രവർത്തനം നിലയ്ക്കാനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) പതിമൂന്നാം ധനകാര്യ കമ്മീഷന് കീഴിൽ കുട്ടനാട് പാക്കേജിനായി 300 കോടി രൂപ അനുവദിക്കുകയും ഇതിൽ നാളിതുവരെ 214.1138 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) 100% കേന്ദ്രവിഹിതമാണ്.

(സി) കുട്ടനാട് പാക്കേജിലെ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി സർക്കാർ മൂന്ന് തലത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, കാർഷികോല്പാദന കമ്മീഷണർ എന്നിവർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തലവന്മാരായ ടി കമ്മിറ്റികൾ യോഗങ്ങൾ കൂടുകയും പദ്ധതി നടപ്പിലാക്കുന്ന വിവിധ വകുപ്പ് മേധാവികൾക്ക് പദ്ധതികളുടെ സമയബന്ധിതമായ നിർവ്വഹണത്തിന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇവയ്ക്ക് പുറമെ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി, കൃഷി വകുപ്പ് സെക്രട്ടറി എന്നിവർ അദ്ധ്യക്ഷരായി അവലോകന യോഗങ്ങൾ കൂടുകയും പദ്ധതികൾ അവലോകനം നടത്തി നിർവ്വഹണം ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

കുട്ടനാട് പാക്കേജിൻ കീഴിൽ നടപ്പിലാക്കുന്ന 1840 കോടി രൂപയുടെ പദ്ധതികളിൽ ജലസേചന വകുപ്പിൻ കീഴിൽ വരുന്ന 1518.50 കോടി രൂപയുടെ പദ്ധതികൾ ഒഴിച്ചുള്ള വകുപ്പുകളുടെ പദ്ധതികൾ അന്തിമഘട്ടത്തിലാണ്. ജലസേചന വകുപ്പിന്റെ പദ്ധതികൾക്ക് അനുയോജ്യമായ മാനദണ്ഡങ്ങളുള്ള കേന്ദ്ര സ്കീമുകൾ കണ്ടെത്തുന്നതിനുള്ള കാലതാമസവും പദ്ധതികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാങ്കേതിക അനുമതിയും കേന്ദ്ര ജല കമ്മീഷന്റെ അനുമതിയും ലഭിക്കുന്നതുമായി ബന്ധപ്പെട്ടും ടെണ്ടറിന് വേണ്ടവിധത്തിലുള്ള പ്രതികരണം ലഭിക്കുന്നില്ല എന്നതു കാരണവും പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. ജലസേചന വകുപ്പ് മുഖേന നാളിതുവരെ 265.76 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) കുട്ടനാട് പാക്കേജിന്റെ കാലാവധി 2012 ജൂലൈയിൽ അവസാനിച്ചതായാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 7-10-2014-നും 16-10-2014-നും കുട്ടനാട് പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടിക്കിട്ടാൻ കേന്ദ്ര സർക്കാരിന് കത്ത് നൽകിയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കേന്ദ്ര കൃഷി മന്ത്രി കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട ജലസേചന പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള സഹായം നൽകുന്നതിനായി 13.11.2014-ലെ കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിക്ക് അയച്ച കത്തിന്റെ അടിസ്ഥാനത്തിൽ കുട്ടനാട് പാക്കേജിന്റെ ജലസേചന വകുപ്പിൻ കീഴിൽ വരുന്ന KEL-1, KEL-2 പദ്ധതികൾ മാർച്ച് 2015 വരെയും KEL-3 ഓണാട്ടുകര പദ്ധതികൾ ഡിസംബർ 2016 വരെയും പൂർത്തീകരിക്കാൻ കേന്ദ്രം സമയപരിധി നീട്ടിനൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മൂൻഗണന നൽകേണ്ടതും ബാക്കി അവശേഷിക്കുന്ന പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന ഇടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.